# ഏലിയാക്കാലം

## വചന വിചിന്തനം

### ഒന്നാം ഞായർ

### ലൂക്കാ 19,1-10

> **ക്രിസ്തു കൂടെയുണ്ടെങ്കിൽ, ഞാൻ "ഹീറോ;"**
> **ക്രിസ്തു കൂടെയില്ലെങ്കിൽ ഞാൻ "സീറോ!"**
> With Jesus, I'm Hero; Without Jesus, I'm Zero!

കേട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും അനുഗ്രഹപ്രദമായ ക്രിസ്തീയ ഭക്തിഗാനങ്ങളിലൊന്ന്,

"ആരുമില്ലെങ്കിലും ഒന്നുമില്ലെങ്കിലും
ക്രിസ്തുവുണ്ടെങ്കിൽ ഏല്ലാമല്ലേ...."

കുപ്പത്തൊട്ടിയിലെ മാണിക്ക്യത്തെ കണ്ടെത്തി അവന്റെ വീട്ടിൽ അത്താഴം കഴിച്ച് അന്തിയുറങ്ങി കർത്താവ് സക്കേവൂസിനെ അനുഗ്രഹിച്ചപ്പോൾ അവന്റെ മനസ്സിലൂടെ കടന്നുപോയ വികാര വിചാരങ്ങളെ കോർത്തിണക്കിയാൽ കിട്ടുന്ന ഈരടിയമാണ് മുകളിൽ വരച്ച് ചേർത്തിരിക്കുന്നത്. സക്കേവൂസ് ചുങ്കക്കാരിൽ പ്രധാനിയും ധനികനുമായിരുന്നു. അവന് പൊക്കം കുറവായിരുന്നു (ലൂക്കാ 19,3). അതുകൊണ്ട് അവൻ മുമ്പേ ഓടി ഒരു സിക്കമൂർ മരത്തിൽ കയറി ഇരുന്നു. കാരണം, യേശു അതിലൂടെയാണ് കടന്ന് പേകേണ്ടിയിരുന്നത്. അവന്റെ പൊക്കംകുറവ് പോലെ തന്നെ ഒരുപാട് കുറവുകളുള്ള വ്യക്തിയായിരുന്നു സക്കേവൂസ്. ഏറ്റവും ചുരുക്കത്തിൽ, അവന്റെ സമ്പത്ത് വരെ അവന്റെ കുറവായിരുന്നു. അതുകൊണ്ട് തന്നെ ജനമദ്ധ്യത്തിൽ നിന്ന് കർത്താവിനെ കാണാൻ സാധിക്കാത്ത ഹതഭാഗ്യവാനായിരുന്നു സക്കേവൂസ്.

ഒരു വ്യക്തിയുടെ രക്ഷ ഒരു കുടുംബത്തിന്റെ രക്ഷക്ക് നിദാനമാകുന്നു! അപ്പോൾ, ഒരു വ്യക്തിയെ രക്ഷിച്ചാൽ മതി ഒരു കുടുംബത്തെ രക്ഷിക്കാൻ!

പക്ഷെ, ആ കുറവുകളെ അതിജീവിക്കുന്ന കർത്താവിന്റെ കൃപ സക്കേവൂസിനെ തേടി അവന്റെ ഭവനത്തിൽ അദിഥിയായ് വിരുന്ന് വന്നപ്പോൾ അവന്റെ എല്ലാ കുറവുകളും മായ്ച്ച് കളയപ്പെടുകയാണ്. ഇത്രയുംനാൾ "സീറോ" ആയിരുന്ന സക്കേവൂസ് കർത്താവിന് ആദിഥ്യം നൽകിയതിലൂടെ "ഹീറോ" ആയി മാറ്റപ്പെടുകയാണ്. ജീവിതത്തിൽ ഒരുപാട് കുറവുകളുള്ള വ്യക്തികളാണ് നാം. സ്നേഹത്തിന്റെ, കരുണയുടെ, നല്ല ബന്ധങ്ങളുടെ, പ്രാർത്ഥനയുടെ, കരുണയുടെ, സമ്പത്തിന്റെ... ഇതുപോലെ ഒരുപാട് കുറവുകളുടെ ബലഹീനതയും പേറി യാത്രചെയ്യുന്ന നാം ഓർക്കേണ്ടത്, "ക്രിസ്തുവിനെ കൂട്ട് പിടിക്കാൻ തയ്യാറാണോ?" ക്രിസ്തുവിനെ കൂട്ട് പിടിച്ചവരാരും തോറ്റ് പോയിട്ടില്ല! "ധനവാനും ലാസറും" എന്ന ഉപമയിൽ ധനവാന്റെ കൂട്ട് അവന്റെ ധനമായിരുന്നെങ്കിൽ ലാസറിന്റെ കൂട്ട് ദൈവമായിരുന്നു. അവസാനം, ലസർ അബ്രാഹത്തിന്റെ മടിയിലേയ്ക്ക് എടുക്കപ്പെട്ടപ്പോൾ ധനവാൻ വലിച്ചെറിയപ്പെടുന്നത് നിത്യ നരകാഗ്നിയിലേയ്ക്കും!

സക്കോവൂസിന്റെ മാനസാന്തരം എന്നത് തന്നെയാണ് "കർത്താവ് സക്കേവൂസിന്റെ ഭവനത്തിൽ" എന്നതിലെ പ്രധാനപ്പെട്ട വിഷയമെങ്കിലും, ഇവിടെ സംഭവിക്കുന്ന വലിയ അൽഭുതം മറ്റൊന്നാണ്. അത്, "ഒരു പാപിയുടെ മാനസാന്തരത്തിന് വേണ്ടി കർത്താവിന് ഒരുപാട് സമയം മാറ്റിവയ്ക്കുന്നു" എന്നുള്ളതാണ്. നാം പലപ്പോഴും ജനക്കൂട്ടത്തന്റെ പുറകെ പോകുന്നവരാണ്. 'നഷ്ടപെട്ട ഒന്നിന് വേണ്ടി കൂടെയുള്ള തൊണ്ണുറ്റിഒൻപതിനേയും മലഞ്ചെരുവിൽ ഉപേഷിച്ച് നഷ്ടപ്പെട്ടതിനെ വീണ്ടെടുക്കാൻ' കർത്താവ് സമയം കണ്ടെത്തുമ്പോൾ, നാം സമയം കണ്ടെത്തുന്നത് 'നഷ്ടപ്പെട്ടത് നഷ്ടപെട്ടത് തന്നെ. കൂടെയുള്ളതിനെ, സുഖിപ്പിച്ച് കൊണ്ട് നടക്കുന്നതിനാണ്.'

ക്രിസ്തു സക്കേവൂസിനെ വീണ്ടെടുക്കുന്നതിന് വേണ്ടി അവൻ കയറിയിരുന്ന മരചുവട്ടിലേയ്ക്ക് കടന്ന് വരുന്നു, അവനുമായ് സംസാരിക്കുന്നു. അവസാനം, അവന്റെ മാനസാന്തരം പൂർണമാക്കാൻ അവന്റെ ഭവനത്തിലേയ്ക്ക് വിരുന്ന് പോകുന്നു. അവിടെ വച്ച് അനുതാപത്തിന്റെ വചനം സക്കേവൂസുമായി പങ്കുവയ്ക്കുന്നു. അവസാനം, സക്കേവൂസിന്റെ അനുതാപം പൂർണമാകുമ്പോൾ അവനിലൂടെ അവന്റെ കുടുംബത്തിലുള്ളവർക്കെലാം രക്ഷ സമ്മാനിക്കുന്നു. ഇന്ന്, നമുക്ക് അപരന്റെ കാര്യം അന്വേഷിക്കാൻ സമയമുണ്ട്. എന്നാൽ, അവന്റെ രക്ഷയ്ക്ക് വേണ്ടി ഒരു ചെറുവിരൽ പോലും അനക്കാൻ നേരമില്ല. കവിശകലം ഓർമ്മപ്പെടുത്തുന്നു;

"അപരനുവേണ്ടി അദ്ധ്വാനിപ്പവൻ

അവനവനായ് അദ്ധ്വാനിപ്പു!"

രക്ഷ വിളംബരം ചെയ്യാൻ മറ്റുള്ളവരുമായ് സമയം പങ്കുവയ്ക്കുന്നത് ഒരിക്കലും ഒരു കുറവല്ല. മറിച്ച്, നേട്ടമാണ്. എബ്രാഹം ലിങ്കന്റെ ജീവിതത്തിൽ നിന്ന് ഒരേട്. അമേരിക്ക കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും നല്ല നേതാക്കൻമാരിൽ ഒരാളാണ് എബ്രാഹം ലിങ്കൺ. അമേരിക്കയിൽ അടിമത്തം നിർത്തലാക്കുന്നതിന് ഇത്രമാത്രം അദ്ധ്വാനിച്ചിട്ടുള്ള മറ്റൊരു നേതാവുമില്ല. അമേരിക്കയിലെ അടിമത്തം നിർത്തലാക്കുന്നതിന് വേണ്ടി അതികഠിനമായ പേരാട്ടം നടക്കുന്ന കാലം. അടിമത്തം അവസാനിപ്പിക്കുന്നതിന് വേണ്ടി ചുക്കാന് പിടിക്കുന്ന നേതാവ് എന്ന നിലയിൽ യുദ്ധത്തിൽ മുറിവേറ്റവരെ ശുശ്രൂഷിക്കുന്നതിനും സന്ദർശിക്കുന്നതിനുമായി ലിങ്കൺ യുദ്ധഭൂമിയിലെത്തി. മുറിവേറ്റ ഓരോരുത്തരെയുമായി ലിങ്കൺ കണ്ടു. അവർക്ക് വേണ്ട ശുശ്രൂഷകൾ ചെയ്തു കൊടത്തു. അവസാനം യുദ്ധഭൂമി സന്ദർശിക്കുന്നതിന്റെ അവസാനത്തിൽ മൃതപ്രായനായ് കിടക്കുന്ന ഒരു പട്ടാളക്കാരനെ കണ്ടു. ആ പട്ടളക്കാരനോട് അബ്രാഹം ലിങ്കൺ ചോദിച്ചു;

''ഞാൻ താങ്കൾക്ക് വേണ്ടി എന്തു ചെയ്തു തരണമെന്നാണ് താങ്കൾ ആഗ്രഹിക്കുന്നത്?"

പട്ടാളക്കാരൻ മറുപടി പറഞ്ഞു, "ഞാൻ ഇന്ന് യുദ്ധം ചെയ്യാൻ ഇറങ്ങുന്നതിന് മുമ്പാണ് കേട്ടത് താങ്കൾ പട്ടാളക്യാമ്പ് സന്ദർശിക്കാൻ വരുന്നുണ്ടെന്ന്. ഞാൻ യുദ്ധത്തിൽ പെട്ട് ഇവിടെ കിടന്നപ്പോൾ എനിക്കുറപ്പായിരുന്നു താങ്കൾ എന്നെ സന്ദർശിക്കാൻ വരുമെന്ന്. താങ്കൾ, എനിക്ക് വേണ്ടി എന്റെ അമ്മയ്ക്ക് ഒരു കത്തെഴുതണം. സന്ദേശം ഇതാണ്, "അമ്മയുടെ മകൻ രാജ്യത്തിന് വേണ്ടി സ്വന്തം ജീവൻ ബലികഴിച്ചിരിക്കുന്നു..."

ഇത്രയും പറഞ്ഞ് കഴിഞ്ഞപ്പോഴെക്കും മരണത്തോട് മല്ലടിച്ച് കിടന്നിരുന്ന ആ പട്ടാളക്കാൻ മരണത്തെ പുൽകി. ആ പട്ടാളക്കാരന്റെ അഡ്രസ് ചികഞ്ഞ് പിടിച്ച് അബ്രാഹം ലിങ്കൺ ആ കത്ത് പോസ്റ്റ് ചെയ്തു. അവസാനം, ആ കത്തിൽ അബ്രാഹം ലിങ്കൺ കുറിച്ചിട്ടത് ഇപ്രകാരമായിരുന്നു;

"പ്രിയ്യപ്പെട്ട അമ്മ വായിച്ചറിയുന്നതിന്,

അമ്മയുടെ മകൻ രാജ്യത്തിന് വേണ്ടി ജീവൻ ബലികഴിച്ചിരിക്കുന്നു. രാജ്യത്തിന് വേണ്ടി തങ്കൾ വലിയ കാര്യം ചെയ്തിരിക്കുന്നു. രാജ്യം അതിൽ അഭിമാനിക്കുന്നു.

താങ്കളുടെ മകന് വേണ്ടി അബ്രാഹം ലിങ്കൺ. ഒപ്പ്."

ഒരമ്മയ്ക്ക് ലഭിക്കാവുന്ന വലിയ അനുഗ്രഹങ്ങളിലൊന്നാണ് അന്ന് ആ അമ്മയ്ക്ക് അബ്രാഹം ലിങ്കണിൽ നിന്ന് ലഭിച്ചത്. രാജ്യത്തന്റെ പ്രസിഡന്റാണ് അബ്രാഹം ലിങ്കൺ. എന്നിട്ടും, രാജ്യത്തെ സംബന്ധിച്ച് ഏറ്റവും നിസാരനായ ഒരു വ്യക്തിക്ക് വേണ്ടിപ്പോലും ചിലവഴിക്കാൻ അബ്രാഹം ലിങ്കൺ സമയം കണ്ടെത്തി.

മറ്റുള്ളവരുടെ രക്ഷയ്ക്ക് വേണ്ടി അദ്ധ്വാനിക്കാൻ തയ്യാറാകുമ്പോൾ മാത്രമാണ് രക്ഷ അതിന്റെ പൂർണതയിൽ പൂക്കുകയൊള്ളു. ക്രിസ്തു സക്കേവൂസിന് വേണ്ടി സമയം മാറ്റി വച്ചപ്പോൾ അത് അവന്റെ രക്ഷയ്ക്ക് കാരണമായെങ്കിൽ സക്കേവൂസിന്റെ

സക്കോവൂസിന്
തന്റെ കുറവ്
ബോദ്ധ്യമായിരുന്നു.
അത് പരിഹരിക്കാൻ
തയ്യാറും ആയിരുന്നു.
ഇന്ന് നമ്മുടെ പ്രശ്നം
"നമ്മുക്ക്
ഒരു കുറവും ഇല്ലാ"
എന്നുള്ള വിചാരമാണ്!

രക്ഷ, ഒരു കുടുംബത്തന്റെ രക്ഷയ്ക്ക് നിദാനമായെങ്കിൽ ക്രിസ്തു ഓർമ്മപ്പെടുത്തുന്നത് ഒരു വ്യക്തിക്ക് വേണ്ടി സമയം മാറ്റി വയ്ക്കുമ്പോൾ ആ വ്യക്തിയിലൂടെ ഒരു കുടുംബം പൂർണമായി രക്ഷയുടെ അനുഭവത്തിലേയ്ക്ക് വരുന്നു എന്നുള്ളതാണ്.

"യേശുവിനെ കാണാൻവേണ്ടി അവൻ മുമ്പേ ഓടി, ഒരു സിക്കമൂർ മരത്തിൽ കയറിയിരുന്നു. യേശു അതിലേയാണ് കടന്നുപോകാനിരുന്നത്. അവിടെയെത്തിയപ്പോൾ അവൻ മുകളിലേക്കു നോക്കിപ്പറഞ്ഞു: സക്കേവൂസ്, വേഗം ഇറങ്ങിവരുക. ഇന്ന് എനിക്കു നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു. അവൻ തിടുക്കത്തിൽ ഇറങ്ങിച്ചെന്ന് സന്തോഷത്തോടെ അവനെ സ്വീകരിച്ചു" (ലൂക്കാ 19,4 - 6).

രക്ഷ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്കുളള മൂന്ന് മാനോഭാവങ്ങൾ സക്കേവൂസിന്റെ ജീവിതത്തിൽ നിന്ന് അടർത്തിയെടുക്കാനാകും.

*1. കർത്താവിനെ കാണാനുള്ള ആഗ്രഹം.* കാരണം, ജീവിത്തിൽ കുറവുകളുണ്ട്.

*2. കർത്താവ് പറയുന്ന് കേൾക്കാനുള്ള തീക്ഷ്ണത.* കാരണം, കുറവുകൾ മാറ്റപ്പെടണം.

*3. കർത്താവിനെ അനുസരിക്കാനുള്ള അദമ്യമായ ആഗ്രഹം.* കാരണം, അവൻ പറയുന്ന് അനുസരിച്ചാൽ മാത്രമാണ് കുറവുകളെ കൃപകളാക്കാൻ സാധിക്കു.

ജീവിതത്തിൽ ബന്ധനങ്ങളും, കുറവുകളും, സമാധാനമില്ലാത്ത അവസ്ഥകളും, തകർച്ചകളും, ദുശ്ശീലങ്ങളും ഉണ്ടോ? യാത്ര ചെയ്യേണ്ട വഴി സക്കേവൂസ് കാണിച്ച് തരികയാണ്. 1. കർത്താവിനെ സന്നിധിയിൽ ചെല്ലുക. 2. അവൻ പറയുന്നത് കേൾക്കുക. 3. അവൻ പറയുന്നത് അനുസരിക്കുക.

"അവൻ തിടുക്കത്തിൽ ഇറങ്ങിവന്നു." കർത്താവിനെ കണ്ടുമുട്ടുന്നവരുടെ പ്രത്യേകതയാണ് ഈ തിടുക്കം. മറിയത്തിനുമുണ്ടായിരുന്നു ഈ തിടുക്കം!

സക്കേവൂസിനെ അബ്രാഹത്തിന്റെ മകനായ് ക്രിസ്തു സ്വീകരിക്കുന്നു. "ഇവനും അബ്രാഹത്തിന്റെ മകനാണ്" (ലൂക്കാ 19,9). ഒരു യഹൂദന് ലഭിക്കാവുന്ന ഏറ്റവും വലിയ അംഗീകാരമാണ് അബ്രാഹത്തിന്റെ പുത്രനായ് മാറ്റപ്പെടുക എന്നുള്ളത്. അനുതാപം അതിന്റെ പൂർണതയിൽ പ്രകടമാകുമ്പോൾ കർത്താവ് സമ്മാനിക്കുന്ന വലിയ അനുഗ്രഹമാണ് "അബ്രാഹത്തിന്റെ മകനെന്ന" വിശേഷണം. വചനം പറയുന്നു, "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചി കുഴയിലൂടെ പ്രവേശിക്കുന്നതാണ്." ഒട്ടകത്തിന് പ്രവേശിക്കാൻ പാകത്തിന് സൂചിയുടെ കുഴ വലുതാക്കിയാൽ ഒട്ടകത്തിനും അതിലൂടെ പ്രവേശികക്കാം. പക്ഷെ, സൂചികുഴ വലുതാക്കുക എന്നുള്ളത് ക്ലേശകരമാണ്. പക്ഷെ, ധനവാനായ സക്കേവൂസ് ക്ലേശകരമായ വഴി തിരഞ്ഞെടുത്തപ്പോൾ, തന്റെ അന്യായമായ സമ്പത്ത് മറ്റുള്ളവരുമായ് പങ്കുവച്ചപ്പോൾ സക്കേവൂസും സ്വർഗ്ഗരാജ്യത്തിന് അവകാശിയാവുകയാണ്.

***"നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും;***
***വഴിതെറ്റിപ്പോയതിനെ ഞാൻ തിരികെ കൊണ്ടുവരും;***
***മുറിവേറ്റതിനെ ഞാൻ വച്ചുകെട്ടും!"***

എസക്കിയേൽ 34,16

ഫാ. ജോബി മേനോത്ത് : +91 944 7777 931